പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3081 22.02.2016 - ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.തോമസ് ചാണ്ടി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കുട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വികസന പ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്നേഹപൂർവ്വം പദ്ധതി കുട്ടനാട്ടിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ? | (ബി) | സ്നേഹപൂർവ്വം പദ്ധതി പ്രവർത്തനം 2012 നവംബറിലാണ് ആരംഭിച്ചത്. പ്രസ്തുത വർഷം കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും പദ്ധതി ധനസഹായം ആർക്കും അനുവദിച്ചിട്ടില്ല. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിക്കുകയായിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ കുട്ടനാട് മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും 2013-14 വർഷത്തിൽ 1242 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2014-15 വർഷം മുതൽ സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ ഓൺലൈൻ ആയാണ് സ്വീകരിക്കുന്നത്. പ്രസ്തുത വർഷത്തിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ നിന്നും ഓൺലൈൻ ആയി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി അപേക്ഷ സമർപ്പിച്ച 354 വിദ്യാർത്ഥികൾക്ക് തുക അവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട്ടിൽ നടപ്പിലാക്കിയ വികസന പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്**

വെളിയനാട് ഐ.സി.ഡി.എസ് ന്റെ പരിധിയിലുള്ള കുട്ടനാട്ടിലെ 6 പഞ്ചായത്തുകളിൽ അങ്കണവാടികൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.സി.ഡി.എസ് മാനദണ്ഡപ്രകാരം അനുപൂരകപോഷകാഹാര പരിപാടിമുടങ്ങാതെ നടത്തിയിട്ടുണ്ട്. 3-6 വയസ്സുള്ള കുട്ടികൾക്ക് പ്രീസ്കൂൾ വിദ്യാഭ്യാസം; കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ബോധവത്ക്കരണ ക്ളാസ്സുകൾ , സ്വയം തൊഴിൽ പരിശീലനം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. രോഗ പ്രതിരോധ കുത്തിവയ്പുകൾ കുട്ടികൾക്ക് നൽകിയിട്ടുണ്ട്.ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡുകൾ എന്നിവ ക്യാമ്പുകൾ നടത്തി വിതരണം ചെയ്തു. അങ്കണവാടി വർക്കർമാർ വീട് വീടാന്തരം കയറിയിറങ്ങി ഭിന്നശേഷിയുള്ളവരെ കണ്ടെത്തി കാര്യക്ഷമമായി സർവ്വേ പൂർത്തിയാക്കി. കൂടാതെ ഭിന്ന ശേഷിയുള്ള അർഹരായവർക്ക് സ്കോളർഷിപ്പ്, സഹായ ഉപകരണങ്ങൾ, മുച്ചക്രവാഹനങ്ങൾ എന്നിവ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

വയോജനങ്ങൾക്ക് ക്യാമ്പുകൾ രൂപീകരിച്ച് അവരെ ആദരിക്കുകയും ആരോഗ്യ പരിശോധനാ ക്യാമ്പുകൾ ബോധവത്ക്കരണ ക്യാമ്പുകൾ എന്നിവയും നടത്തിയിട്ടുണ്ട്. അങ്കണവാടിയുടെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തുന്നതിന് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം എന്നിവ നടത്താൻ കഴിഞ്ഞിട്ടുണ്ട്. അങ്കണവാടികൾക്ക് ഫർണിച്ചർ,വെയിംഗ് സ്കെയിലുകൾ , വൈദ്യുതി കണക്ഷൻ , കുടിവെള്ള സൗകര്യം , ചുറ്റുമതിൽ, കളിപ്പാട്ടങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രീ സ്കൂൾ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇ.സി.സി.ഇ, ഐ.ഇ.സി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവേശനോത്സവം തുടങ്ങിയ പരിപാടികൾ വളരെ വിപുലമായ രീതിയിൽ നടത്തി പ്രീ സ്കൂൾ ഹാജർ നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

ആശ്വാസ കിരണം, സമാശ്വാസം, സ്നേഹപൂർവ്വം , വനിതകൾ ഗൃഹനാഥരായവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം.വിധവാ പെൻഷൻ, വിധവകളുടെ പെൺമക്കൾക്ക് ധനസഹായം, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ജ്വാല എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ സുരക്ഷയും പരിചരണവും ഉറപ്പാകുന്നു. കൂടാതെ യോഗ, കരാട്ടെ പരിശീലനങ്ങൾ എന്നിവയും സ്ത്രീകൾക്ക് നൽകുന്നു.

സ്കൂൾ കൗൺസിലർമാരുടെ സഹകരണത്തോടെ വിവിധ ക്ളാസ്സുകൾ, കൗൺസിലിംഗ് മുതലായവ നടത്തുന്നു.

ന്യൂട്രീഷൻ വാരാചരണം പഞ്ചായത്തുതലത്തിൽ വളരെ വിപുലമായി നടത്തിയതിലൂടെ ചിലവു കുറഞ്ഞ എന്നാൽ ഗുണമേന്മയുള്ള നാട്ടിൽ സുലഭമായി കിട്ടുന്ന ഭക്ഷണപദാർത്ഥങ്ങളെ അമ്മമാർക്ക് പരിചയപ്പെടുത്താൻ സാധിച്ചു.

ചമ്പക്കുളം ഐ.സി.ഡി.എസ് ന്റെ പരിധിയിലുള്ള നെടുമുടി, തകഴി പഞ്ചായത്തുകളിൽ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം രണ്ട് അങ്കണവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയായി. തകഴി, എടത്വ എന്നീ പഞ്ചായത്തുകളിൽ ഓരോ അങ്കണവാടിയുടെ കെട്ടിടം പണി അവസാന ഘട്ടത്തിലാണ്.

Manoharan

സെക്ഷൻ ഓഫീസർ